മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2026 മെയ് 19

മഹാത്മാഗാന്ധി സർവകലാശാല, കണ്ണൂർ സർവകലാശാല അധ്യാപകർക്ക്

യൂറോപ്യൻ റിസർച്ച് കൗൺസിൽ ഗവേഷണ പ്രൊജക്ട്

യൂറോപ്യൻ റിസർച്ച് കൗൺസിൽ (ഇ ആർ സി) ധനസഹായത്തോടെ നടത്തുന്ന ബൃഹത്തായ രാജ്യാന്തര ഗവേഷണ പരിപാടിയിലേക്ക്കേ രളത്തിൽ നിന്നുള്ള രണ്ട് സർവകലാശാലാ അധ്യാപകർ മുഖ്യ ഗവേഷകരായി തിരഞ്ഞെടുക്കപ്പെട്ടു.

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പോളിസിക്സിലെ ഡോ. മാത്യു എ. വർഗീസ്, കണ്ണൂർ

സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ ഡോ.

സുനൈന കെ എന്നിവരാണ് 'ക്രിം ലൈഫ് - ലൈഫ് കോഴ്സ് ട്രജക്ടറീസ് ഒു ക്രൈം ഗ്ലോബലി' എന്ന അന്താരാഷ്ട്ര ഗവേഷണ പദ്ധതിയുടെ ഇന്ത്യയിലെ മുഖ്യ ഗവേഷകരും സംഘാടകരും.

മനുഷ്യരിൽ കുറ്റകൃത്യ പ്രവണതകളുടെ രൂപീകരണത്തിന് വിവിധ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളും അനുഭവങ്ങളും

എങ്ങനെയൊക്കെ കാരണമാകുന്നു എന്നത് പഠനവിധേയമാക്കുന്ന ഗവേഷണത്തിനായി താരതമ്യ കുറ്റശാസ്ത്ര പഠനങ്ങളും ജീവിതാനുഭവ

വിവരണങ്ങളും സംയോജിപ്പിച്ച പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

ഒരു കോടി രൂപയുടെ ഗ്രാന്റ് ആണ് 2026 മുതൽ 2030 വരെയുള്ള കാലയളവിൽ നടത്തപ്പെടുന്ന ഈ ഗവേഷണ പദ്ധതിയ്ക്കായ് ഇവർക്ക്

ലഭിച്ചിരിക്കുന്നത്. യൂണിവേഴ്സിറ്റി ഓഫ്ഓ സ്ലോയിലെ പ്രൊഫസർ സെയ്നുങ് സാൻഡ്ബർഗ് നേതൃത്വം കൊടുക്കുന്ന പദ്ധതിയിൽ ഇന്ത്യക്ക്

പുറമേ നോർവെ, ചെക്ക് റിപ്പബ്ലിക്ക്, തുർക്കിയെ, നൈജീരിയ, കൊളംബിയ എന്നീ രാജ്യങ്ങളിലെ ഗവേഷകരും പങ്കാളികളാണ്.

കേരളത്തിലെ സാമൂഹ്യശാസ്ത്ര ഗവേഷണങ്ങൾക്കുള്ള ആഗോള അംഗീകാരവും സംസ്ഥാനത്തെ സർവകലാശാലകളുടെ അന്തർദേശീയ ഗവേഷണ സാന്നിധ്യവും ശക്തിപ്പെടുത്തുന്ന നേട്ടമായാണ് ഡോ. മാത്യുവിന്റെയും ഡോ. സുനൈനയുടെയും ഈ നിയമനം വിലയിരുത്തപ്പെടുന്നത്.

ഫോട്ടോ ക്യാപ്ഷൻ: ഡോ. മാത്യൂ എ വർഗീസ്, ഡോ. സുനൈനപ

(പി.ആർ.ഒ/39/424/2026)

വെറ്ററിനേറിയൻ കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ വെറ്ററിനേറിയൻ തസ്തികയിൽ പ്രതിമാസം 35000 രൂപ വേതനത്തിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വെറ്ററിനറി സയൻസിൽ ബിരുദവും, കേരള വെറ്ററിനറി കൗൺസിലിൻറെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും, റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും അപേക്ഷിക്കാം. ബയോഡേറ്റയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും soada3@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ മെയ് 30നകം അയക്കേണ്ടതാണ്. ഫോൺ- 0481 2733240. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/425/2026)

സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ടിൽ ജൂൺ മാസം ആരംഭിയ്ക്കുന്ന സിവിൽ സർവീസ് പ്രിലിംസ് പരീക്ഷാ പരിശീലനത്തിന്റെ ഓൺലൈൻ, ഓഫ്ലൈൻ ബാച്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മെയ് 21 മുതൽ 30 വരെ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഫോൺ- 9188374553.

(പി.ആർ.ഓ/39/426/2026)

പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ ത്രിവത്സര യുണിനൂറി എൽഎൽഎൽബി (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 6 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേനൂഡ് ബിഎ എൽഎൽബി (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2018 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേനൂഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 2 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേനൂഡ് ബിബിഎ, എൽഎൽബി (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2018 മുതൽ 2024 അഡ്മിഷൻ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേനൂഡ് ഡബിൾ ബിബിഎ, എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 2 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....

ഒന്നാം സെമസ്റ്റർ എംഎസ്.സി മത്താമാനിക്സ് പിജി (സിഎസ്എസ്) (2015 മുതൽ 2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ജൂൺ 2 വരെ നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഓ/39/427/2026)

പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എൽഎൽഎം (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 29 മുതൽ നടക്കും.

(പി.ആർ.ഒ/39/428/2026)

പബ്ലിക് റിലേഷൻസ് ഓഫീസർ